# അമ്മുവിന്റെ തോട്ടം

അമ്മുവിന്റെ വീട്ടിൽ പൂന്തോട്ടവും പച്ചക്കറിത്തോട്ടവും ഉണ്ട്. ഒരു ദിവസം അമ്മു അച്ഛന്റെ കൂടെ തോട്ടത്തിൽ പോയി നോക്കി. ഹായ്! ഹായ്! എന്തൊരു ഭംഗി ! മുല്ലയും ഓർക്കിഡും ആന്തൂറിയവും ജമന്തിയും തുളസിയും മന്ദാരവും ചെത്തിയും ചെമ്പരത്തിയും പൂന്തോട്ടത്തിൽ ഇടകലർന്നു നില്ക്കുന്നു.



പച്ചക്കറിത്തോട്ടത്തിലാകട്ടെ, വെണ്ടയും ചീരയും വഴുതനയും കാന്താരിയും വെള്ളരിയും ചേനയും ചേമ്പും പാവലും തക്കാളിയും ഉണ്ട്. അമ്മയാണ് ചെടികൾക്ക് വെള്ളമൊഴിക്കുന്നത്. അച്ഛൻ വളവും മറ്റും ഇടുന്നു. അമ്മുവും അവരോടൊപ്പം കൂടാറുണ്ട്. തോട്ടത്തിൽ അമ്മു അനിയൻ അപ്പുവിനോടൊപ്പം കളിക്കാൻ പോകും. അതു കണ്ട് അമ്മ രസിക്കാറുണ്ട്.

## പഠനപ്രവർത്തനങ്ങൾ

### ഉത്തരം പറയാമോ?

1. അമ്മുവിന് ഏതെല്ലാംതരം തോട്ടമുണ്ട്?
2. പൂന്തോട്ടത്തിൽ ഏതെല്ലാംതരം ചെടികളുണ്ട്?
3. പച്ചക്കറികൊണ്ടുള്ള ഉപയോഗമെന്ത്?
4. അമ്മുവും അപ്പുവുംകൂടി തോട്ടത്തിൽ എന്താണു ചെയ്യുന്നത്?
5. നിങ്ങളുടെ വീട്ടിലെ പൂന്തോട്ടത്തിലെ പൂക്കളുടെ പേരു പറയുക? ആരാണ് അവയെല്ലാം നോക്കി വളർത്തുന്നത്?